# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXII YEAR OF OUR LORD JESUS CHRIST, 2026 JUNE No. 08

## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**യെശയ്യാവ് 54:13-17**

13. നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും നിന്റെ മക്കളുടെ സമാധാനം വലിയതും ആയിരിക്കും.
14. നീതിയാൽ നീ സ്ഥിരമായി നില്ക്കും; നീ പീഡനത്തോടെ അകന്നിരിക്കും; നിനക്കു ഭയപ്പെടുവാനില്ലല്ലോ; ഭീഷണിയോടു നീ അകന്നിരിക്കും; അതു നിന്നോടു അടുത്തുവരികയില്ല.
15. ഒരുത്തൻ നിന്നോടു കലശൽ കൂട്ടുന്നു എങ്കിൽ അതു എന്റെ ഹിതപ്രകാരമല്ല; ആരെങ്കിലും നിന്നോടു കലശൽ കൂടിയാൽ അവൻ നിന്റെ നിമിത്തം വീഴും.
16. തീക്കനൽ ഊതി പണിചെയ്തു ഓരോ ആയുധം തീർക്കുന്ന കൊല്ലനെ ഞാൻ സൃഷ്ടിച്ചിരിക്കുന്നു; നശിപ്പിപ്പാൻ സംഹാരകനെയും ഞാൻ സൃഷ്ടിച്ചിരിക്കുന്നു.
17. നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കയില്ല; ന്യായവിസ്താരത്തിൽ നിനക്കു വിരോധമായി എഴുന്നേല്ക്കുന്ന എല്ലാ നാവിനെയും നീ കുറ്റം വിധിക്കും; യഹോവയുടെ ദാസന്മാരുടെ അവകാശവും എന്റെ പക്കൽ നിന്നുള്ള അവരുടെ നീതിയും ഇതു തന്നേ ആകുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു.

## നിങ്ങളെ ഉപദ്രവിക്കാൻ ദൈവം മറ്റുള്ളവരെ അനുവദിക്കുകയില്ല!

സിസ്റ്റർ ഏഞ്ചലിൻ

### GOD WILL NOT ALLOW OTHERS TO HARM YOU!



നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അത്ഭുതകരമായ നാമത്തിൽ ലോകമെമ്പാടുമുള്ള എല്ലാ സഹോദരീസഹോദരന്മാർക്കും ആശംസകൾ അറിയിക്കുന്നു. **വിളിയുടെ പ്രതിധ്വനി** മാസികയിലൂടെ നിങ്ങളുമായി ബന്ധപ്പെടാൻ കഴിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. സമാധാനത്തിന്റെയും ആശ്വാസത്തിന്റെയും ദൈവം നമ്മെ ഓരോരുത്തരെയും നയിക്കുകയും നടത്തുകയും ചെയ്യുമാറാകട്ടെ.



*God has not allowed him to harm me*

ഈയിടെ ഞാൻ യാക്കോബിന്റെ ജീവിതത്തെക്കുറിച്ച് വായിക്കുകയായിരുന്നു. ഈ വാക്യം എന്നെ വളരെയധികം സ്പർശിച്ചു:

**നിങ്ങളുടെ അപ്പനോ എന്നെ ചതിച്ചു, എന്റെ പ്രതിഫലം പത്തു പ്രാവശ്യം മാറ്റി; എങ്കിലും എന്നോടു ദോഷം ചെയ്‌വാൻ ദൈവം അവനെ സമ്മതിച്ചില്ല** (ഉല്പത്തി 31:7).

എത്ര ശക്തമായ ഉറപ്പ്! ഈ വാക്കുകളെക്കുറിച്ച് ചിന്തിക്കുമ്പോൾ - ദൈവം എന്നെ ഉപദ്രവിക്കാൻ മനുഷ്യനെ അനുവദിച്ചില്ല, അല്ലെങ്കിൽ എനിക്കോ എന്റെ കുടുംബത്തിനോ എതിരെ വിജയിക്കാൻ സാത്താനെ അനുവദിച്ചില്ല -

3-ാം പേജിൽ തുടരും...

Echo of His Call

Christian YouTube Channel!



Every day 2 minutes message by

Pr. S. Sam Selva Raj!

in English, Hindi Language - 1.00 A.M.,

in Tamil & Telugu Language - 2.00 A.M.

and

Tamil & English Message & Prayer

Sunday 8.30 A.M. & 6.00 P.M.

Please Subscribe if you are blessed! Share with whom you love & care!!

# ECHO OF HIS CALL - (Marching towards 60th year)

Estd. 1969

## from your dearly beloved brother...





### അങ്ങനെ നിന്റെ കളപ്പുരകൾ സമൃദ്ധിയായി നിറയും; നിന്റെ ചക്കുകൾ വീഞ്ഞു കവിഞ്ഞൊഴുകും സദൃശ്യവാക്യങ്ങൾ 3:10

**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


**HON. EDITOR-IN-CHIEF**

Rev.Dr. Angeline S. Kumari, M.A., M.Sc., M.Ed.

**EX MANAGING EDITOR**

Pastor Alex Samson Sam, B.Th., M.Div.

**GENERAL MANAGER**

Bro. N. Prakasam, M.A., M.Sc(C&P), PGDHRM, MBA.

**ADMINISTRATION**

Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

**EDITORIAL BOARD**

Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.



**EDITOR, PUBLISHER & PRINTER**

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858

**E.MAIL**

sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**

www.echoofhiscall.org
www.stpaulsmatriculation.org

**YOUTUBE CHANNEL**

Echo of His Call


കർത്താവിൽ പ്രിയരെ!

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ മഹത്വമുള്ള നാമത്തിൽ നിങ്ങൾക്ക് ആശംസകൾ നേരുന്നു!

ഇക്കാലത്ത്, എല്ലാ മേഖലകളിലുമുള്ള നമ്മുടെ ശുശ്രൂഷകളിൽ ആത്മാക്കളുടെ വലിയ കൊയ്ത്ത് നാം അനുഭവിക്കുന്നു. നെഹെമ്യ ബൈബിൾ കോളേജുകൾ, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നമ്മുടെ സഭകൾ എന്നിവയുടെ പ്രവർത്തനങ്ങളിലൂടെയും ശുശ്രൂഷകളിലൂടെയും നിരവധി പേർ കർത്താവായ യേശുക്രിസ്തുവിനെ കണ്ടുമുട്ടുന്നു എന്നതു തന്നെയാണ് ഇതിന്റെ കാരണം.

ഏപ്രിൽ 17 മുതൽ ഏപ്രിൽ 21 വരെ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ വച്ച് വെക്കേഷൻ ബൈബിൾ സ്കൂൾ നടത്തുകയുണ്ടായി. അതിൽ അനേകം കുട്ടികൾ പങ്കെടുത്തു. കുട്ടികളെ പഠിപ്പിക്കുവാനും അവരെ കർത്താവിലേക്കു നയിക്കുവാനുമായി അനേകം സഹോദരീസഹോദരന്മാർ മുന്നോട്ടു വന്നത് വലിയ അനുഗ്രഹമായിരുന്നു.



സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ



സന്തോഷപുരം പള്ളിയിലെ വെക്കേഷൻ ബൈബിൾ സ്കൂൾ വിദ്യാർത്ഥികൾ

മെയ് 05 മുതൽ 10 വരെ ചെപ്പോക്കിലുള്ള മുഖ്യസഭയിൽവച്ച് വെക്കേഷൻ ബൈബിൾ സ്കൂൾ നടത്തപ്പെടുന്നു. കൂടാതെ മെയ് 11 മുതൽ 17 വരെ വേളാച്ചേരിയിലും ബാലാജി നഗറിലുമുള്ള ശാഖാ സഭകളിലും വെക്കേഷൻ ബൈബിൾ സ്കൂൾ നടത്തുന്നുണ്ട്.

സർക്കാർ ഉത്തരവു പ്രകാരം ജൂൺ രണ്ടാം വാരത്തിൽ സ്കൂൾ വീണ്ടും തുറക്കും. ഈ വിദ്യാഭ്യാസ ശുശ്രൂഷയ്ക്കുവേണ്ടിയും, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, അനദ്ധ്യാപക ജീവനക്കാർ എന്നിവർക്കു വേണ്ടിയും ദയവായി പ്രാർത്ഥിക്കുവിൻ.

നെഹെമ്യ ബൈബിൾ കോളേജുകൾ ജൂൺ 01 ന് വീണ്ടും തുറക്കും. തമിഴ്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.

2025-26 അദ്ധ്യയനവർഷത്തെ ക്ലാസ്സുകൾ മെയ് 30 ന് അവസാനിക്കും. ബിരുദദാന ചടങ്ങ് 2026 ജൂലൈ 04 വൈകുന്നേരം 5.00 മണിക്ക് പുരസാവക്കത്തിലെ റിതർട്ടൺ റോഡിലെ ബാലർകൽവി നിലയത്തിലെ എം.ആർ.സി. ഹാളിൽ വച്ചു നടക്കും.

ഞങ്ങളുടെ സഹപ്രവർത്തകർക്കുവേണ്ടിയും ശുശ്രൂഷയുടെ എല്ലാ ആവശ്യങ്ങൾക്കുവേണ്ടിയും ദയവായി പ്രാർത്ഥിക്കുവിൻ. നിങ്ങളുടെ നിർദ്ദേശങ്ങൾ ഞങ്ങൾ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

കൃപ നിങ്ങളോടെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ. ആമേൻ!

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*

*പാസ്റ്റർ. എസ്. സാം സെൽവരാജ്*

ഇമെയിൽ : sam@echoofhiscall.org

1-20 പേജിന്റെ തുടർച്ച...

എന്നത് വലിയ ആശ്വാസം നൽകുന്നു. ഈ വാഗ്ദാനം നിങ്ങളും അവകാശമാക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

എന്നെ ഉപദ്രവിക്കാൻ ദൈവം ആരെയും അനുവദിച്ചില്ല!

ഒരിക്കൽ തന്റെ സഹോദരനെ വഞ്ചിക്കുകയും, തന്റെ പിതാവിനെ കബളിപ്പിക്കുകയും, അനുഗ്രഹം തേടി മറ്റുള്ളവരെ വഞ്ചിക്കുകയും ചെയ്ത ഒരു മനുഷ്യനെക്കുറിച്ചു ആഴത്തിലുള്ള പ്രസ്താവനയാണിത്. എന്നിരുന്നാലും യാക്കോബിന്റെ ജീവിതത്തിൽ അസാധാരണമായ ഒന്ന് സംഭവിച്ചു. മാനുഷികമായ പ്രവർത്തനങ്ങളിലൂടെ അനുഗ്രഹം തേടിയ ഈ മനുഷ്യൻ യഥാർത്ഥ അനുഗ്രഹത്തിനായി ദൈവവുമായി മല്ലു പിടിക്കേണ്ട അവസ്ഥയിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു.

യാക്കോബിന്റെ ചരിത്രം ശരിക്കും ആകർഷകമാണ്. വഞ്ചകനായവൻ വഞ്ചിക്കപ്പെടുന്നതും, ഒരിക്കൽ കൗശലക്കാരനായവൻ ഒടുവിൽ താഴ്മയുള്ളവനുമായിത്തീരുന്നതുമായ യാത്രയാണിത്. യാക്കോബിന് കുറവുകളും പരാജയങ്ങളും പോരാട്ടങ്ങളും ഉണ്ടായിരുന്നിട്ടും ദൈവം അവനോടൊപ്പം തന്നെ ഉണ്ടായിരുന്നു. യാക്കോബിന്റെ തെറ്റുകളിലൂടെയും അപൂർണ്ണമായ തിരഞ്ഞെടുപ്പുകളുടെ മദ്ധ്യേയും ദൈവം തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതു തുടർന്നു.

ദൈവത്തിന് തന്റെ പദ്ധതി നിറവേറ്റാൻ ഏതു സാഹചര്യത്തെയും ഉപയോഗിക്കുവാൻ കഴിയും എന്ന ശക്തമായ സത്യം ഉല്പത്തി 31 വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയും.

യാക്കോബ് ഭയന്ന് ഓടുകയോ, പോരാടുകയോ അല്ലെങ്കിൽ ഭയത്താൽ പ്രവർത്തിക്കുകയോ ചെയ്യുമ്പോഴെല്ലാം ദൈവം തന്റെ ഇഷ്ടം നയിക്കുകയും സംരക്ഷിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുകയായിരുന്നു. ഒന്നും അവന്റെ ദൃഷ്ടിയിൽ നിന്നും രക്ഷപ്പെടുന്നില്ല.

യാക്കോബിന്റെ ജീവിതം സൂക്ഷ്മമായി പരിശോധിച്ചാൽ ബുദ്ധിമാനും, കൗശലക്കാരനും, തന്ത്രശാലിയുമായ ഒരു മനുഷ്യനെ നമുക്കു കാണാൻ സാധിക്കും. സാഹചര്യങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അവന് അറിയാമായിരുന്നു. അവൻ തന്റെ ജ്യേഷ്ഠനായ ഏശാവിൽനിന്നും കൗശലത്തോടെ ജന്മാവകാശം നേടിയെടുത്തു, വഞ്ചനയിലൂടെ പിതാവിന്റെ അനുഗ്രഹവും മോഷ്ടിച്ചു. സ്വന്ത പ്രയത്നത്തിലൂടെ ദൈവത്തിന്റെ പ്രീതി സമ്പാദിക്കാൻ കഴിയുമെന്ന് അവൻ വിശ്വസിച്ചു. എന്നാൽ യഥാർത്ഥ അനുഗ്രഹം മനുഷ്യന്റെ പരിശ്രമത്തിൽ നിന്നല്ല, അത് ദൈവത്തിൽ നിന്നാണ് വരുന്നതെന്ന് അവൻ പിന്നീട് മനസ്സിലാക്കി.



*ഞാൻ നിന്നെ വിടുകയില്ല*

അങ്ങനെ ദൈവം അവനെ ശുദ്ധീകരിക്കുവാൻ ആരംഭിച്ചു – സൗമ്യമായിട്ടല്ല, മറിച്ച് തീയിൽ ഊതിക്കഴിക്കുന്ന സ്വർണ്ണം പോലെ. വഞ്ചന, പ്രയാസം, ഭയം, സംഘർഷം എന്നിവ അനുഭവിക്കാൻ യാക്കോബിനെ ദൈവം അനുവദിച്ചതിന്റെ ഫലമായി അവൻ തകർച്ചയുടെ പാരമ്യത്തിലെത്തുകയും ഇങ്ങനെ വിളിച്ചു പറയുവാൻ പ്രേരിതനാകുകയും ചെയ്തു:

**നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല** (ഉല്പത്തി 32:26).

ഈ പരിവർത്തനം ഒറ്റരാത്രികൊണ്ട് സംഭവിച്ചതല്ല. ദൈവം യാക്കോബിനെ ദീർഘവും ദുഷ്കരവുമായ ഒരു യാത്രയിലൂടെ കടത്തിക്കൊണ്ടുപോയി. എന്നിട്ടും, അതിലൂടെയെല്ലാം അവൻ ദൈവത്തിന്റെ നിയന്ത്രണത്തിൽ ആയിരുന്നു. യാക്കോബിന്റെ തെ

## വളരെ അടിയന്തരമായ അറിയിപ്പ്!




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പരമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

റ്റുകളേക്കാൾ വലുതായിരുന്നു. ദൈവത്തിന്റെ പദ്ധതി എന്നതിനാൽ മനുഷ്യന്റെ പദ്ധതികൾ യാക്കോബിനെ നശിപ്പിക്കാൻ അവൻ അനുവദിച്ചില്ല.

## 1. ആളുകൾ ഗൂഢാലോചന നടത്തുമ്പോൾ, ദൈവം തടയുന്നു!

യാക്കോബിന്റെ ജീവിതത്തിൽ നമുക്ക് വിലയേറിയ പാഠം കാണാൻ കഴിയും. തന്റെ പിതാവിനെയും സഹോദരനെയും വഞ്ചിച്ചതിനുശേഷം, തന്റെ ഭാവി സുരക്ഷിതമാക്കിയെന്ന് അവൻ കരുതി. "ഞാൻ അനുഗ്രഹത്തിന്റെ യഥാർത്ഥ ഉറവിടമാണ്" എന്ന ആഴമേറിയ സത്യം അവനെ പഠിപ്പിക്കാൻ ദൈവം ആഗ്രഹിച്ചു.



***എന്റെ കൂലി പത്തു തവണ മാറ്റി***

ഇതു പഠിക്കാൻ, താൻ ഉണ്ടാക്കിയ ഔഷധത്തിന്റെ രുചി മനസ്സിലാക്കിക്കൊടുത്തത് യാക്കോബിന്റെ അമ്മാവനായ ലാബാനാണ്. അവനോടൊപ്പമാണ് യാക്കോബ് താമസിച്ചിരുന്നത്. ലാബാൻ **എന്നെ** (യാക്കോബിനെ) **ചതിച്ച് എന്റെ പ്രതിഫലം പത്തു പ്രാവശ്യം മാറ്റി** (ഉല്പത്തി 31:7). യാക്കോബിനെ കബളിപ്പിക്കാനും വഞ്ചിക്കാനും മുതലെടുക്കാനും ലാബാൻ ശ്രമിച്ചു.

ദൈവം ഇത് അനുവദിച്ചത് ഒരു ഉദ്ദേശ്യത്തോടെയാണ്. ഒരാൾ വഞ്ചിക്കപ്പെടുന്നത് എങ്ങനെയെന്ന് മനസ്സിലാക്കാനും, മാനുഷിക പ്രയത്നത്തിൽ ആശ്രയിക്കുന്നതിനേക്കാൾ ദൈവത്തിൽ ആശ്രയിക്കണമെന്നുള്ള പാഠം പഠിക്കാനും ഇതിലൂടെ യാക്കോബിന് കഴിഞ്ഞു.

എന്നിരുന്നാലും, ഈ ശുദ്ധീകരണ പ്രക്രിയയിലും ദൈവം ഒരു അതിർത്തി നിശ്ചയിച്ചു. ലാബാന് കടക്കാൻ കഴിയാത്ത ഒരു പരിധി ഉണ്ടായിരുന്നു. അതിനാൽ യാക്കോബ് ധൈര്യസമേതം ഇങ്ങനെ പ്രസ്താവിച്ചു:

**എന്നോടു ദോഷം ചെയ്‌വാൻ ദൈവം അവനെ സമ്മതിച്ചില്ല** (ഉല്പത്തി 31:7).

ഇത് ഒരു ശക്തമായ സത്യം വെളിപ്പെടുത്തുന്നു: ദൈവമക്കൾക്കെതിരായ എല്ലാ പദ്ധതികൾക്കും ഒരു ദൈവീക പരിധിയുണ്ട്.

- മനുഷ്യന്റെ എല്ലാ പദ്ധതികൾക്കും ദൈവം നിശ്ചയിച്ച ഒരു അതിരുണ്ട്.
- ഓരോ ആക്രമണവും അവന്റെ അധികാരത്താൽ നിയന്ത്രിക്കപ്പെടുന്നു.
- അതുകൊണ്ടാണ് നാം ഇന്നുവരെ അതിജീവിച്ചത്. കർത്താവിനു സ്തുതി!

*യെശയ്യാവ് 54:17 നമ്മെ ഓർമ്മിപ്പിക്കുന്നത്:*

നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കയില്ല...

ആയുധങ്ങൾ രൂപപ്പെടാം,

ആക്രമണങ്ങൾ ഉയർന്നു വരാം.

നിങ്ങളുടെ കുടുംബം, വിവാഹം, ബിസിനസ്, ശുശ്രൂഷ, വിളി എന്നിവയ്ക്കു എതിരെ പദ്ധതികൾ തയ്യാറാക്കിയേക്കാം.

എന്നാൽ നാം കർത്താവിനോടു വിശ്വസ്തതയോടും ദൃഢതയോടും കൂടെ നടക്കുന്നിടത്തോളംകാലം ആത്യന്തികമായി നമുക്ക് എതിരെ ഒന്നും വിജയിക്കുകയില്ല.

ജനങ്ങൾ ഗൂഢാലോചന നടത്തുമ്പോൾ ദൈവം തടയുന്നു.

## 2. ദൃശ്യമായതിൽനിന്നും അദൃശ്യമായതിൽ നിന്നും ദൈവം സംരക്ഷിക്കുന്നു!

നമുക്കു ദൃശ്യമായ അപകടങ്ങളെക്കുറിച്ചു നമ്മൾ സാക്ഷ്യപ്പെടുത്തുന്നു എങ്കിലും ദൈവം നമ്മെ സംരക്ഷിക്കുന്ന അദൃശ്യമായ എണ്ണമറ്റ അപകടങ്ങളെ നാം സൗകര്യപൂർവ്വം മറക്കുന്നു.



***മൃഗങ്ങളെ കാട്ടുമൃഗങ്ങൾ കടിച്ചുകീറി***

പല പ്രാവശ്യം തന്റെ പ്രതിഫലം മാറ്റിയത് യാക്കോബ് ലാബാനോടു പറഞ്ഞു. കൂടാതെ മറഞ്ഞിരിക്കുന്ന നിരവധി ഭീഷണികൾ ഉണ്ടായിരുന്നതായും പറഞ്ഞു.

**ദുഷ്ടമൃഗം കടിച്ചു കീറിയതിനെ നിന്റെ അടുക്കൽ കൊണ്ടുവരാതെ ഞാൻ അതിനു ഉത്തരവാദിയായിരുന്നു** (ഉല്പത്തി 31:39).

ദുഷ്ടമൃഗങ്ങൾ ആട്ടിൻകൂട്ടത്തെ ആക്രമിച്ചാൽ അത് യാക്കോബിന് ഭീഷണിയാകുമായിരുന്നു. കള്ളന്മാരിൽനിന്നും ദുഷ്ടമൃഗങ്ങളിൽനിന്നും, രാത്രിയിലെ ആക്രമണങ്ങളിൽനിന്നും അപകടങ്ങൾ ഉണ്ടായിരുന്നു എങ്കിലും ദൈവം അവനെ സംരക്ഷിച്ചു.

ദൈവം തടഞ്ഞതിനാൽ പല അപകടങ്ങളും യാക്കോബ് അറിഞ്ഞില്ല.

അവന്റെ ജീവിതം മുഴുവനായിട്ടും ദൈവത്തിന്റെ നിശബ്ദമായ നിരീക്ഷണത്തിലായിരുന്നു.

**യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും** (സങ്കീർത്തനം 121:7).

നമുക്കു നമ്മുടെ പ്രിയപ്പെട്ടവരെ എപ്പോഴും നിരീക്ഷിക്കാൻ കഴിയുകയില്ല, പക്ഷെ ദൈവത്തിനു കഴിയും.

എത്രയെത്ര അദൃശ്യ അപകടങ്ങളിൽനിന്നാണ് അവൻ നമ്മെ വിടുവിച്ചത്?

എത്രയോ കെണികളെ നാം ശ്രദ്ധിക്കേണ്ടിവന്നിട്ടില്ല.

അവന്റെ കാരുണ്യം നമ്മെ ജീവനോടെ നിലനിർത്തിയിട്ടുണ്ട്.

ദൈവത്തിന് ഒന്നും മറവായിരിക്കുന്നില്ല എന്ന് സങ്കീർത്തനം 139 നമ്മെ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ പ്രാർത്ഥനകൾക്കു മറുപടി ലഭിക്കുന്നില്ല എന്നു തോന്നിയാലും ദൈവത്തിന്റെ പ്രത്യേക സമയത്ത് (കൈറോസ്) തിരശീലയ്ക്കു പിന്നിൽ പ്രവർത്തിക്കുന്നു.

അവൻ പ്രവർത്തിക്കുന്നതു നമുക്കു കാണാൻ സാധിക്കുന്നില്ല എങ്കിലും ദൈവം നമുക്കു കാവൽ നിൽക്കുന്നു.

## 3. മനുഷ്യന്റെ തീരുമാനങ്ങളെ ദൈവം മറികടക്കുന്നു!

പ്രിയപ്പെട്ട ദൈവമക്കളേ, നിങ്ങളുടെ ജീവിതത്തെക്കുറിച്ച് മറ്റുള്ളവർ നിരവധി പദ്ധതികൾ തയ്യാറാക്കിയേക്കാം എങ്കിലും മനുഷ്യന്റെ എല്ലാ തീരുമാനങ്ങളെയും മറികടക്കാൻ ദൈവത്തിനു ശക്തിയുണ്ട്.

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

## സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ജൂൺ 19** ⇨ **വിളിയുടെ പ്രതിധ്വനി** മാസിക 16 ഭാഷകളിൽ കൃത്യസമയത്ത്, എല്ലാ മാസവും പ്രസിദ്ധീകരിക്കാൻ സഹായിക്കുന്ന വിശ്വസ്തരും സമർപ്പിതരുമായ അസ്സോസിയേറ്റ് എഡിറ്റർമാരാൽ അനുഗ്രഹിച്ചതിനായി.

**ജൂൺ 20** ⇨ റെസിഡെൻഷ്യൽ, സായാഹ്ന **നെഹെമ്യ ബൈബിൾ കോളേജുകളിലേക്ക്** വിദ്യാർത്ഥികളെ ചേർക്കാൻ ഞങ്ങളെ അനുഗ്രഹിച്ചതിനായി.

**ജൂൺ 21** ⇨ 1969 മുതൽ മാസിക ശുശ്രൂഷയോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ ദൈവം അനുഗ്രഹിച്ചതിനായി.

**ജൂൺ 22** ⇨ ഏപ്രിൽ 10നു നടന്ന **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെയും കിന്റർഗാർട്ടന്റെയും** വാർഷികവും ബിരുദദാന ചടങ്ങും അനുഗ്രഹിച്ചതിനായി.

**ജൂൺ 23** ⇨ ഞങ്ങളുടെ അഭ്യുദയകാംക്ഷികളുടെ പ്രാർത്ഥനയ്ക്കും സാമ്പത്തിക പിന്തുണയ്ക്കുമായി.

**ജൂൺ 24** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ വിദ്യാലയത്തിന്റെ** 2025-2026 അദ്ധ്യയനവർഷം വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ചതിനായി.

**ജൂൺ 25** ⇨ **വിളിയുടെ പ്രതിധ്വനിയുടെ** മുഖ്യസഭയിലെയും ശാഖാസഭകളിലെയും നേതൃത്വത്തിലുള്ളവരെയും വിശ്വാസികളെയും അനുഗ്രഹിച്ചതിനായി.

**ജൂൺ 26** ⇨ സായാഹ്ന **നെഹെമ്യ ബൈബിൾ കോളേജുകളുടെ** 2025-2026 അദ്ധ്യയനവർഷം വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ചതിനായി.

**ജൂൺ 27** ⇨ മുഖ്യസഭയിലും ശാഖാസഭകളിലും നടന്ന വെക്കേഷൻ ബൈബിൾ സ്കൂളിനെ അനുഗ്രഹിച്ചതിനായി.

**ജൂൺ 28** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെ യും അനുഗ്രഹിച്ചതിനായി.

**ജൂൺ 29** ⇨ തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലെ **വിളിയുടെ പ്രതിധ്വനി യൂട്യൂബ്** സന്ദേശങ്ങൾ അനുഗ്രഹപ്രദമാക്കിയതിനായി.

**ജൂൺ 30** ⇨ ഞങ്ങളുടെ ശുശ്രൂഷയെ ഇതുവരെയും നിലനിർത്തുന്നതിനും നടത്തുന്നതിനുമുള്ള ഞങ്ങളുടെ ശ്രമങ്ങളെയെല്ലാം ഫലപ്രദമാക്കിയതിനായി.

**ജൂലൈ 01** ⇨ **വിളിയുടെ പ്രതിധ്വനിയുടെ** ജീവനക്കാരെയും കുടും ബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ജൂലൈ 02** ⇨ യുവാക്കളുടെയും കുട്ടികളുടെയും പ്രയോജനത്തിനായുള്ള ഞങ്ങളുടെ ആഗോള ദർശനത്തെ അനുഗ്രഹിച്ചതിനായി.

**ജൂലൈ 03** ⇨ മെയ് 16-നു നടന്ന **നെഹെമ്യ ബൈബിൾ കോളേജിന്റ** പൂർവ്വ വിദ്യാർത്ഥി സംഗമം അനുഗ്രഹിച്ചു ആശീർവദിച്ചതിനായി.

## പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ജൂലൈ 04** ⇨ മാരകമായ രോഗങ്ങളും വിഷാദവും ബാധിച്ച ലോകമെമ്പാടുമുള്ളവരുടെ വിടുതലിനായി.

**ജൂലൈ 05** ⇨ ഈ മാസത്തെ എല്ലാ സാമ്പത്തിക ആവശ്യങ്ങൾക്കുമായി.

**ജൂലൈ 06** ⇨ മയക്കുമരുന്നിന് അടിമകളായി സ്കൂളുകളിലും കോളേജുകളിലും ക്രമരഹിതമായി പങ്കെടുക്കുന്ന കുട്ടികളുടെയും യുവാക്കളുടെയും വിടുതലിനായി.

**ജൂലൈ 07** ⇨ ലോകമെമ്പാടും നടന്ന വെക്കേഷൻ ബൈബിൾ സ്കൂളുകളിലൂടെ രക്ഷിക്കപ്പെട്ട കുട്ടികൾക്കും യുവാക്കൾക്കുമായി.

**ജൂലൈ 08** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെ** 2026-27 വർഷത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന പുതിയ വിദ്യാർത്ഥികൾക്കായി.

**ജൂലൈ 09** ⇨ **നെഹെമ്യ ബൈബിൾ കോളേജിന്റെ** റെസിഡൻഷ്യൽ, സായാഹ്ന കോഴ്സുകളിൽ അർഹതയുള്ള വിദ്യാർത്ഥികൾ പ്രവേശിപ്പിക്കപ്പെടുവാൻ.

**ജൂലൈ 10** ⇨ വിദൂര പ്രദേശങ്ങളിലും സുവിശേഷം എത്തിച്ചേരാത്തിടങ്ങളിലും പ്രവർത്തിക്കുന്ന മിഷണറിമാരുടെ സ്വർഗ്ഗീയ സംരക്ഷത്തിനായി.

**ജൂലൈ 11** ⇨ കുട്ടികളെയും യുവാക്കളെയും ശരിയായി വളർത്തുവാൻ മാതാപിതാക്കൾക്കു വേണ്ട മാർഗ്ഗനിർദ്ദേശത്തിനായി.

**ജൂലൈ 12** ⇨ യുവാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഗ്ലോബൽ കെയർ ഫോർ യൂത്ത് ആന്റ് കിഡ് എന്ന പ്രവർത്തനത്തിൽ കൂടുതൽ പേർ വരിക്കാരാകുവാനായി.

**ജൂലൈ 13** ⇨ വിളിയുടെ പ്രതിധ്വനിയുടെ പ്രവർത്തനത്തിനായി സമർപ്പിതരായ കൂടുതൽ പേരെ ഉയർത്തുവാൻ.

**ജൂലൈ 14** ⇨ ലോകമെമ്പാടുമുള്ള എല്ലാ സഭകളുടെയും ഉണർവ്വിനായി.

**ജൂലൈ 15** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും സ്വർഗ്ഗീയ സംരക്ഷണവും നല്ല ആരോഗ്യവും നൽകുവാനായി.

**ജൂലൈ 16** ⇨ ഭൂമിയിൽ ദൈവരാജ്യം കെട്ടിപ്പടുക്കുവാനുള്ള കൂടുതൽ ദർശനം ദൈവം നൽകുവാനായി.

**ജൂലൈ 17** ⇨ ലോകമെമ്പാടും സമാധാനം കളിയാടുവാൻ.

**ജൂലൈ 18** ⇨ സീനിയർ പാസ്റ്ററുടെ ആത്മകഥയുടെ വിജയകരമായ പൂർത്തീകരണത്തിനായി.

4-ാം പേജിന്റെ തുടർച്ച...

യാക്കോബിന്റെ ജീവിതത്തിൽ ലാബാൻ പല തവണ നിബന്ധനകൾ മാറ്റി എങ്കിലും ഓരോ തവണയും ദൈവം ഫലവും മാറ്റി.

യാക്കോബിനുവേണ്ടി ദൈവം അതു ചെയ്തെങ്കിൽ നിങ്ങൾക്കും അതു ചെയ്യും.

നിങ്ങൾക്കു എതിരെ പ്രവർത്തിക്കുന്ന പല സാഹചര്യങ്ങളും ഉണ്ടായേക്കാം:

- ഒരു കോടതിവിധി
- ഒരു രോഗബാധ
- ഒരു പരീക്ഷാഫലം
- മറ്റുള്ളവർ എടുത്ത തീരുമാനം

പക്ഷെ ദൈവത്തിന് ഇതിനെയൊക്കെ മറികടക്കാൻ സാധിക്കും.



*അവന്റെ മുമ്പാകെ കടന്നു വന്ന് പ്രാർത്ഥിക്കണം*

നാം ചെയ്യേണ്ടത് അവന്റെ മുമ്പാകെ കടന്നുവന്ന് പ്രാർത്ഥിക്കുക എന്നതാണ്:

***കർത്താവേ, അങ്ങ് എന്റെ പിതാവും ഞാൻ അങ്ങയുടെ മകനും ആണ്. ദയവായി എന്നെ സഹായിക്കേണമേ.***

നാം നമ്മെത്തന്നെ താഴ്ത്തി, നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞ്, അവന്റെ സഹായത്തിനായി യാചിക്കുമ്പോൾ അവൻ കരുണയോടും ശക്തിയോടും മറുപടി തരുന്നു.

**... ആരും അടയ്ക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ** (വെളിപ്പാട് 3:7).

മനുഷ്യന്റെ അധികാരം യഥാർത്ഥമാണെങ്കിലും ദൈവത്തിന്റെ പരമാധികാരം അന്തിമമാണ്.

### 4. ദൈവം എല്ലാ അനീതിയെയും വർദ്ധനവാക്കി മാറ്റുന്നു!

നാം വിശ്വസ്തതയോടെ ജീവിക്കുകയാണെങ്കിലും ജീവിതം ചിലപ്പോൾ ന്യായരഹിതമായി തോന്നുമ്പോൾ നാം ഇങ്ങനെ ചിന്തിച്ചേക്കാം:



- ഞാൻ ദൈവത്തെ ഭയപ്പെടുന്നു – എന്തുകൊണ്ടാണ് മറ്റുള്ളവരെപ്പോലെ അനുഗ്രഹം ലഭിക്കാത്തത്?
- ദൈവത്തെ അവഗണിക്കുന്നവർ അഭിവൃദ്ധി പ്രാപിക്കുന്നതായി തോന്നുന്നതെന്തുകൊണ്ട്?
- നീതിപൂർവ്വം ജീവിക്കുന്നതിൽ എന്തെങ്കിലും കാര്യമുണ്ടോ?

പ്രിയരേ, ലോകത്തിന്റെ അഭിവൃദ്ധി പലപ്പോഴും താൽക്കാലികമാണ്. എന്നാൽ നിങ്ങൾ നേരിടുന്ന ഓരോ അനീതിയും നിങ്ങളെ ശക്തിപ്പെടുത്താനും വർദ്ധിപ്പിക്കാനും ഉയർത്താനും ദൈവം ഉപയോഗിക്കും.

യാക്കോബിനെ നോക്കുവിൻ:

ലാബാൻ "പുള്ളികളുള്ളത്" എന്നു പറഞ്ഞപ്പോൾ ദൈവം എല്ലാം പുള്ളിയുള്ളതാക്കി.



*"പുള്ളിയുള്ളത്" എന്നു ലാബാൻ പറഞ്ഞപ്പോൾ ദൈവം ആടുകളെ പുള്ളിയുള്ളതാക്കി*

"വരയുള്ളത്" എന്നു പറഞ്ഞപ്പോൾ അവയെല്ലാം വരയുള്ളതാക്കി.

ലാബാൻ അവനെ എത്രയധികം താഴ്ത്തുവാൻ ശ്രമിച്ചുവോ അത്രയധികം ദൈവം അവനെ അഭിവൃദ്ധിപ്പെടുത്തി.

**ദൈവത്തെ സ്നേഹിക്കുന്നവർക്കു... സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു** (റോമർ 8:28).

അനീതി പോലും ദൈവത്തിന്റെ കൈകളിലെ ഉപകരണമായി മാറുന്നു.

നിങ്ങളോടു മോശമായി പെരുമാറുന്നവരെ ഭയപ്പെടരുത്.

നിങ്ങളോടു മോശമായി പെരുമാറുന്നവരെ കണ്ടു നിരാശപ്പെടരുത്.

ശത്രു തിന്മ ചെയ്യാൻ ഉദ്ദേശിക്കുന്നത് ദൈവം അനുഗ്രഹമാക്കി മാറ്റും.

അവനെ മുറുകെ പിടിച്ചാൽ അവൻ എല്ലാ അനീതിയും വർദ്ധനവാക്കി മാറ്റും.

### 5. ദൈവം നിങ്ങളെ അതിലേക്ക് കൊണ്ടുപോകുമ്പോൾ, അവൻ നിങ്ങളെ അതിലൂടെ കൊണ്ടുവരും!

യാക്കോബ് തന്റെ പിതാവിന്റെ ഭവനത്തിൽ നിന്ന് ജീവൻ രക്ഷിക്കാൻ ഓടിപ്പോയപ്പോൾ കൈയ്യിൽ കരുതിയത് ദൈവത്തിന്റെ വാഗ്ദാനം മാത്രമായിരുന്നു:

9-ാം പേജിൽ തുടരും...

നെഹെമ്യ ബൈബിൾ കോളേജുകൾ
ചെപ്പോക്ക് & സന്തോഷപുരം, വേളാച്ചേരി ചെന്നൈ.
അതിവേഗം അഡ്മിഷൻ നേടുവിൻ!
ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)
യോഗ്യത : പത്താം ക്ലാസ്സും അതിനു മുകളിലും
ദൈവശാസ്ത്രത്തിൽ ഡിപ്ലോമ & ദൈവശാസ്ത്രത്തിൽ ബിരുദം
കഴിഞ്ഞ 56 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ- 600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## മുഖ്യസഭയിലെ പരിപാടികൾ

| | | |
|---|---|---|
| 01. പ്രാർത്ഥന സഹായം | - | 24 മണിക്കൂർ |
| 02. വിളിയുടെ പ്രതിധ്വനി മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ | | |
| 03. ബൈബിൾകോർ - പ്രാഥമിക ബൈബിൾ കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി) | | |
| 04. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ | - | ഇംഗ്ലീഷ്, തമിഴ് |
| 05. നെഹെമ്യ ബൈബിൾ കോളേജ് | - | ചെപ്പോക്ക്, സന്തോഷപുരം, വേളാച്ചേരി |
| 06. ശാഖാ സഭകൾ | - | സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി |
| 07. പരമനിയോഗ ദൗത്യ പങ്കാളികൾ | - | പാസ്റ്റർമാരുടെ ചങ്ങല |
| 08. ട്രെയിനിംഗ് പരിപാടികൾ | - | സെമിനാറുകൾ, റിട്രീറ്റുകൾ |
| 09. ക്രൂസേഡുകൾ | | |
| 10. ലഘുലേഖ വിതരണം, തുടർ നടപടികൾ | | |
| 11. സുവിശേഷ അച്ചടിശാല | - | പ്രസിദ്ധീകരണങ്ങൾ |
| 12. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ | - | ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 13. സൺഡേസ്കൂൾ (ചെപ്പോക്ക്) | - | ഞായർ രാവിലെ 10.30 മണി |
| (വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം) | - | ഞായർ വൈകുന്നേരം 3.00 മണി |
| 14. അതിരാവിലെ ആരാധന | - | ഞായർ രാവിലെ 5.30 മണി |
| 15. പ്രാഥമിക ആരാധന | - | ഞായർ രാവിലെ 8.00 മണി |
| 16. തമിഴ് ആരാധന | - | ഞായർ രാവിലെ 8.30 മണി |
| 17. യുവജന കൂട്ടായ്മ | - | ഞായർ രാവിലെ 11.00 മണി |
| 18. ഉച്ചഭക്ഷണ കൂട്ടായ്മ | - | ഞായർ ഉച്ചയ്ക്കു 1.00 മണി |
| 19. തെലുങ്ക് ആരാധന | - | ഞായർ വൈകുന്നേരം 4.00 മണി |
| 20. ഹിന്ദി ആരാധന | - | ഞായർ വൈകുന്നേരം 5.00 മണി |
| 21. തമിഴ് & ഇംഗ്ലീഷ് ആരാധന | - | ഞായർ വൈകുന്നേരം 6.00 മണി |
| 22. പ്രതികരണ സമയം | - | ഞായർ വൈകുന്നേരം 7.30 മണി |
| 23. സ്ത്രീകളുടെ പ്രാർത്ഥനായോഗം | - | ബുധൻ വൈകുന്നേരം 5.30 മണി |
| 24. ഹിന്ദി പ്രാർത്ഥന | - | വ്യാഴം വൈകുന്നേരം 7.00 മണി |
| 25. പുരുഷന്മാരുടെ യോഗം | - | വെള്ളി വൈകുന്നേരം 7.30 മണി |
| 26. ശിഷ്യത്വ യോഗം | - | ശനി വൈകുന്നേരം 6.00 മണി |
| 27. ഭവന കൂട്ടായ്മ | - | ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 28. പ്രത്യേക കർത്തൃമേശ | - | എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 29. സുവിശേഷകരുടെ അവലോകനം | - | ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 30. രക്ഷിതാക്കളുടെ പ്രാർത്ഥന | - | ആദ്യ ഞായർ വൈകുന്നേരം 4.00 മണി |
| 31. രാത്രി പ്രാർത്ഥന | - | മൂന്നാം വെള്ളി രാത്രി 9.30 മണി |
| 32. ഉപവാസ പ്രാർത്ഥന | - | രണ്ടാം ശനി രാവിലെ 9.30 മണി |
| 33. കർത്തൃമേശ | - | രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 34. യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | - | ദിവസവും രാത്രി 10.00 മണി (ഫോണിലൂടെ) |
| 35. സ്റ്റാഫുകളുടെ ധ്യാനം | - | ദിവസവും രാവിലെ 9.00 മണി |
| 36. ഓഫീസ് | - | രാവിലെ 9.00 മുതൽ രാത്രി 9.00 വരെ (ഞായർ ഒഴികെ) |

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (662 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2967,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്പ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് **വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

### എന്റെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു...എന്നു ഞാൻ അറിയുന്നു (ഇയ്യോബ് 19:25)

എന്റെ ശുശ്രൂഷയുടെ ആദ്യ നാളുകളിൽ അനവധി പരീക്ഷണങ്ങളും പ്രയാസങ്ങളും ഉണ്ടായി. എന്റെ സാമ്പത്തിക ആവശ്യങ്ങളാൽ ഞാൻ വളരെ സമ്മർദ്ദത്തിലായിരുന്നു. ശുശ്രൂഷയ്ക്കായി സ്ഥിരമായ ഒരു കെട്ടിടം ലഭിക്കാതിരുന്നതിനാൽ ഞാൻ ഒരു സ്ഥലത്തുനിന്നു മറ്റൊരിടത്തേക്ക് മാറുകയും എന്റെ താമസസ്ഥലവും ഓഫീസും പലപ്പോഴും മാറ്റേണ്ടതായും വന്നു.



1980-ൽ എനിക്ക് ഗുരുതരമായ അസുഖം ബാധിച്ചു. ദിവസങ്ങളോളം എനിക്കു പനിയും ശരീരത്തിലുടനീളം വേദനയും അനുഭവപ്പെട്ടു. പ്രത്യേകിച്ച് എന്റെ കഴുത്തിൽ കഠിനമായ വേദന അനുഭവപ്പെട്ടു. ഞാൻ ശുശ്രൂഷ ചെയ്തിരുന്ന സ്ഥലം ക്രിസ്തീയ പ്രദേശമല്ലാത്തതിനാൽ എനിക്ക് ചുറ്റുമുള്ള ആളുകൾ എന്നെ അപരിചിതനായി കണക്കാക്കി ആരിൽ നിന്നും എനിക്ക് സഹായം ലഭിച്ചില്ല. രോഗവും ഏകാന്തതയും കാരണം ഞാൻ വളരെയധികം കഷ്ടത്തിലായതിനാൽ ഒരു രാത്രിയിലേക്ക് എന്നോടൊപ്പം കഴിയാൻ എന്റെ ഒരു സുഹൃത്തിനോട് അഭ്യർത്ഥിച്ചു. മുമ്പ് എന്നിൽ നിന്നും വളരെയധികം സഹായങ്ങൾ ലഭിച്ചിരുന്ന വ്യക്തിയായിരുന്നെങ്കിലും അദ്ദേഹം എന്നോടൊപ്പം താമസിക്കാൻ വിസമ്മതിച്ചു. അന്നു രാത്രി ഞാൻ വളരെയധികം കഷ്ടപ്പെട്ടു.


അടുത്ത ദിവസം രാവിലെ ആരോ എന്നെ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ട് പോയി. ഞാൻ ഒറ്റയ്ക്ക് ആയി. ചികിത്സ ചെയ്തിട്ടും രോഗം മാറാത്തതിനാൽ ഡോക്ടർമാർ ഒരു ശസ്ത്രക്രിയ നടത്താൻ തീരുമാനിച്ച് അതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. സാഹചര്യങ്ങൾ കാരണം എനിക്ക് ശസ്ത്രക്രിയയ്ക്ക് വിധേയനാകാൻ താൽപര്യമില്ലാത്തതിനാൽ പ്രാർത്ഥിക്കാൻ തുടങ്ങി. ലൗകികമായ സുഖസൗകര്യങ്ങൾക്കുള്ള സാഹചര്യങ്ങൾ ഉണ്ടായിട്ടും ശുശ്രൂഷയ്ക്കു വേണ്ടി ഞാൻ എന്തൊക്കെ പ്രശ്നങ്ങൾ നേരിടുന്നു എന്നു ഞാൻ ദൈവത്തോടു പറഞ്ഞു. **എന്റെ വഴികളെ ഞാൻ വിവരിച്ചപ്പോൾ നീ എനിക്കു ഉത്തരമരുളി** (സങ്കീർത്തനം 119:26).



ഒരു രാത്രിയിൽ ഞാൻ പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ സ്പർശനം അനുഭവിക്കാൻ സാധിച്ചു. എന്റെ രോഗത്തിൽ നിന്നുള്ള മോചനം എന്റെ ശരീരത്തിൽ അനുഭവപ്പെട്ടു. ഞാൻ പൂർണ്ണമായും വിശ്വസിച്ചതിനാൽ ഞാൻ അത് ഡോക്ടറോടു പറഞ്ഞു. "യേശുക്രിസ്തു തങ്ങളെ സൗഖ്യമാക്കി എന്നു പറഞ്ഞു ചികിത്സ സ്വീകരിക്കാൻ വിസമ്മതിക്കുന്ന നിരവധി ക്രിസ്ത്യാനികളുണ്ടെന്ന് എനിക്ക് അറിയാം. നിങ്ങളും അതു തന്നെ പറയുന്നു" എന്ന് അദ്ദേഹം അനുകമ്പയോടെ പറഞ്ഞു. ശസ്ത്രക്രിയയോ മരുന്നോ വേണമെന്ന് നിർബന്ധിക്കാതെ അദ്ദേഹം എന്നെ പോകാൻ അനുവദിച്ചു. ഞാൻ അവനിൽ വിശ്വസിച്ചതുപോലെ ദൈവം എനിക്കു ചെയ്തു.



ദൈവം എന്നെ പൂർണ്ണമായും സുഖപ്പെടുത്തി. ഇപ്പോൾ ഏകദേശം 46 വർഷം കടന്നുപോയിരിക്കുന്നു. അതിനുശേഷം ആ രോഗം എന്നെ സ്പർശിച്ചിട്ടില്ല. നിരപ്പില്ലാത്ത, കുഴികളുള്ള റോഡുകളിലൂടെ ഞാൻ പിന്നീട് വാഹനമോടിച്ചിട്ടുണ്ടെങ്കിലും നടുവേദനയോ കഴുത്തിന്റെ വേദനയോ എനിക്ക് ഉണ്ടായിട്ടില്ല. ഓഫീസിലാണെങ്കിലും എവിടെയെങ്കിലും പ്രസംഗിക്കുകയാണെങ്കിലും ഞാൻ ദിവസവും ഏകദേശം 20 മണിക്കൂർ ജോലി ചെയ്യുന്നു. എങ്കിലും ക്ഷീണം തോന്നാറില്ല. ദൈവം എന്നെ സൗഖ്യമാക്കുക മാത്രമല്ല, പലവിധത്തിലും എന്നെ അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. എന്നെ ഉപേക്ഷിച്ചത് ഒരു സുഹൃത്ത് മാത്രമായിരുന്നു. എന്നാൽ ഇന്ന് ദൈവം എനിക്ക് ലോകമെമ്പാടും അനേകം സുഹൃത്തുക്കളെ തന്നു എന്നെയും എന്റെ ശുശ്രൂഷയെയും അനുഗ്രഹിച്ചിരി ക്കുന്നു.



പ്രിയ സുഹൃത്തേ, നമ്മുടെ കർത്താവായ യേശു വളരെയധികം അതുല്ല്യനും, എന്തിനും എല്ലാത്തിനും മീതെ ഉന്നതനുമാണ്. അവനെ നമ്മുടെ യഥാർത്ഥ സുഹൃത്തായും ദൈവമായും കണക്കാക്കുകയാണെങ്കിൽ, ഈ ഇരുണ്ട ലോകത്തിൽ ശരിയായ സമയത്ത് അവൻ നമ്മെ ശരിയായ പാതയിൽ നയിക്കും. നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തിൽ നിങ്ങൾ അവനെ നിങ്ങളുടെ കർത്താവും രക്ഷിതാവുമായി ഇതുവരെയും സ്വീകരിച്ചിട്ടില്ല എങ്കിൽ ഇപ്പോൾ തന്നെ അവനെ സ്വീകരിച്ച് അവനെ സേവിക്കാൻ തുടങ്ങുവിൻ. അവൻ തീർച്ചയായും നിങ്ങളെ സുരക്ഷിതമായ വഴികളിലൂടെ നയിക്കും. അവൻ എന്നെ ദിവസവും നയിക്കുന്നു, അവൻ നിങ്ങളെയും നയിക്കും എന്ന് എനിക്ക് ഉറപ്പുണ്ട്.

ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജനപ്രദേശത്തു നദികളും ഉണ്ടാക്കും (യെശയ്യാവ് 43:19).

****************

6-ാം പേജിന്റെ തുടർച്ച...



*ഞാൻ കർത്താവാകുന്നു... ഞാൻ നിനക്കും നിന്റെ സന്തതികൾക്കും ഈ ദേശം നൽകും...*

**ഞാൻ കർത്താവാകുന്നു... ഞാൻ നിനക്കും നിന്റെ സന്തതികൾക്കും ഈ ദേശം നൽകും...** (ഉല്പത്തി 28:13).

അവൻ വെറുംകൈയോടും ഭയത്തോടും ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വത്തോടെയാണ് പോയത്.

ആദ്യമൊക്കെ ലാബാന്റെ വീട്ടിലെ തന്റെ ജീവിതം അനുകൂലമായി തോന്നിയെങ്കിലും കാലക്രമേണ അത് ശത്രുതയായി മാറി. ലാബാന്റെയും മക്കളുടെയും മനോഭാവം അസൂയമൂലം മാറിപ്പോയി.

**യാക്കോബ് ലാബാന്റെ മുഖത്തു നോക്കിയാറെ അതു തന്റെ നേരെ മുമ്പെ ഇരുന്നതുപോലെയല്ല എന്നു കണ്ടു** (ഉല്പത്തി 31:2).

യാക്കോബ് കഷ്ടതകൾ അഭിമുഖീകരിച്ചു. എങ്കിലും ദൈവം കൂടെയുണ്ടായിരുന്നു.

സമയമായപ്പോൾ ദൈവം യാക്കോബിനോടു പറഞ്ഞു "മടങ്ങിവരു."

ലാബാൻ യാക്കോബിനെ വെറുംകൈയോടെ പറഞ്ഞയക്കാൻ ഉദ്ദേശിച്ചപ്പോഴം ദൈവം ഇടപെട്ടു.

യാക്കോബ് ഇങ്ങനെ സാക്ഷ്യപ്പെടുത്തി:

**എന്റെ പിതാവിന്റെ ദൈവമായവൻ... എനിക്കില്ലായിരുന്നു എങ്കിൽ നീയിപ്പോൾ എന്നെ വെറുതെ അയച്ചുകളയുമായിരുന്നു** - ഉല്പത്തി 31:42.

എന്നാൽ ദൈവം അത് അനുവദിച്ചില്ല. അവൻ എല്ലാം പുനഃസ്ഥാപിക്കുകയും തന്റെ വാഗ്ദാനം നിറവേറ്റുകയും ചെയ്തു.

ദൈവം തന്റെ സമയത്ത് എല്ലാം മനോഹരമായി ചെയ്യുന്നു.

***നിങ്ങൾ കാത്തിരിക്കുകയാണെങ്കിൽ:***

- ഒരു പ്രൊമോഷനുവേണ്ടി
- പുരോഗതി ഉണ്ടാകുവാനായി
- ഒരു മുന്നേറ്റം ഉണ്ടാകുവാൻ

ദൈവം നിങ്ങളെ ഓർമ്മിപ്പിക്കുന്നത്:

"സമയമായി" എന്നു ദൈവം പറയുമ്പോൾ, ആർക്കും നിങ്ങളെ തടയാൻ കഴിയില്ല.

ധൈര്യമായിരിക്കുവിൻ.

ശക്തരായിരിക്കുവിൻ.

ശരിയായ സമയത്ത് ദൈവം അടുത്ത വാതിൽ തുറക്കും.

പ്രിയ സുഹൃത്തുക്കളേ, മനുഷ്യർ നമുക്കെതിരെ ഗൂഢാലോചന ഉണ്ടാക്കിയേക്കാം, ശത്രു നമുക്കെതിരെ കെണികൾ വെച്ചേക്കാം. പക്ഷെ നമ്മെ നശിപ്പിക്കാൻ ദൈവം ഒരിക്കലും അനുവദിക്കുകയില്ല.

നാം അവന്റെ വാഗ്ദാനങ്ങൾ മുറുകെ പിടിക്കണം.

**നിന്നോടു എതിർക്കുന്ന ശത്രുക്കളെ യഹോവ നിന്റെ മുമ്പിൽ തോല്ക്കുമാറാക്കും** - ആവർത്തനം 28:7.

നാം എന്തൊക്കെ അഭിമുഖീകരിച്ചാലും ദൈവം നമ്മോടൊപ്പം നിൽക്കുന്നു. അവന്റെ വചനം നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു:

**നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു; അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു**-സങ്കീർത്തനം 34:19.

**അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവന്നു ഉത്തരമരുളും; കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും**- സങ്കീർത്തനം 91:15.

ദൈവം അകലെയല്ല, അവൻ നമ്മോടൊപ്പമുണ്ട്. എല്ലാ പരീക്ഷണങ്ങളിൽനിന്നും നമ്മെ വിടുവിക്കുന്നതുവരെ അവൻ നമ്മോടൊപ്പം നടക്കുന്നു.

അവൻ നിങ്ങളെ കൈവിടുകയില്ല.

അവൻ നിങ്ങളെ പരാജയപ്പെടുത്തുകയില്ല.

അവൻ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നതെന്താണോ, അതിനെ ഇല്ലാതാക്കുവാൻ അവൻ യാതൊന്നിനെയും അനുവദിക്കുകയില്ല.

അവന്റെ വാഗ്ദത്തങ്ങൾ മുറുകെ പിടിക്കുവിൻ:

**അബ്രാമേ, ഭയപ്പെടേണ്ടാ; ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു** - ഉല്പത്തി 15:1.

(നിങ്ങളുടെ സ്വന്തം പേര് അവിടെ എഴുതുക. അവന്റെ വാഗ്ദത്തം വ്യക്തിപരമാണ്).

അനുഗ്രഹീതമായ ഒരു മാസം ആശംസിക്കുന്നു.

*************

**അറിയിപ്പ്**

(+91) 9841071858, (+91) 9841271858 എന്ന ഞങ്ങളുടെ മുഖ്യ മൊബൈൽ നമ്പറുകൾ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ സേവ് ചെയ്യുവിൻ.

-എഡിറ്റർ


# നെഹെമ്യ ബൈബിൾ കോളേജ്

ഒരു വിളിയുടെ പ്രതിധ്വനി സ്ഥാപനം

**26th ബിരുദദാന ചടങ്ങ്**

(റെസിഡെൻഷ്യൽ - ഹിന്ദി & സായാഹ്നം - തമിഴ്)

**2026 ജൂലൈ 4, ശനി, 5.00 pm**

വിശിഷ്ടാതിഥി

**റവ. ഡോ. എസ്.ജെ. കിംഗ്സ്ലി**

(സി ഒ ഒ, യേശു വിളിക്കുന്നു)

സ്ഥലം: ബലർ കൽവി നിലയം ഹാൾ,
എം.ആർ.സി. സെന്റർ, അനിത മെട്രിക്കുലേഷൻ
സ്കൂൾ വളപ്പ്, 5/6, റിഥെർട്ടൺ റോഡ്,
വേപ്പേരി, ചെന്നൈ - 600 007.

പ്രാർത്ഥിക്കുവിൻ പങ്കെടുക്കുവിൻ!

- 2026-2027 വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു!
- ദയവായി അർഹരായ വിദ്യാർത്ഥികളെ ശുപാർശ ചെയ്യുവിൻ!!
- റെസിഡെൻഷ്യൽ പുരുഷ ഹിന്ദി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതാണ്!!!
- 2026-27 അദ്ധ്യയന വർഷത്തേക്കുള്ള ക്ലാസ്സുകൾ 01.06.2026 ൽ ആരംഭിക്കുന്നതാണ്!!!!

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## OUR BANK DETAILS:

### 1. Bank : State Bank of India

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : S. Sam Selva Raj |
| A/C No. | : 1023 2934 679 |
| IFSC | : SBIN 00 00 249 |

SWIFT CODE : SBI NIN BB 455

### 2. Bank : ICICI Bank

| | |
|---|---|
| Branch | : Anna Salai, Chennai-6 |
| Name | : Echo of His Call |
| A/C No. | : 6038 0502 2319 |
| IFSC | : ICIC 000 6038 |

### 3. Bank : State Bank of India

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : Echo of His Call Educational Trust |
| A/C No. | : 1023 2923 805 |
| IFSC | : SBIN 00 00 249 |

## OUR QR CODE:

ECHO OF HIS CALL

Scan to pay with any UPI app

Google Pay: 98410 71858

PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ** (Sam Selva Raj, sam@echoofhiscall.org), **നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

**YOU CAN SEND YOUR DONATION ONLINE ALSO**

**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"**
**on 4th JUNE 2026.**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

*JESUS LOVES YOU!*

To

GOD BLESS YOU!

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**